VADAKKETHALACKKAL MAHA KUDUMBAYOGAM
Estd. 1915
VADAKETHALAKAL YOUTH WING

# തറവാട്

Vol.1 No. 1 2022 December 25 Page 6

# ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു സമാധാനം

## Glory to God in the highest and on earth peace of Goodwill

കാരുണയുടെയും, ശാന്തിയുടെയും, സ്നേഹത്തിന്റെയും, നന്മയുടെയും സന്ദേശം വിളിച്ചോതുന്ന ക്രൈസ്തവരുടെ ഏറ്റവും വലിയ ആഘോഷമായ ക്രിസ്തുമസ് നാളിലേക്ക് നാം പ്രവേശിച്ചു. ഇക്കാലയളവിൽ നടത്തപ്പെടുന്ന



നമ്മുടെ കുടുംബയോഗങ്ങളും കൂടിച്ചേരലുകളും ക്രിസ്തുമസ് സന്ദേശത്തിന്റെ പൊരുൾ വിളിച്ചോതുന്നതാകട്ടെ.

രണ്ടുവർഷത്തിലേറെയായ് നമ്മെ വരിഞ്ഞുമുറുക്കിയ കൊറോണയുടെ പിടിയിൽനിന്നും മൂക്കും വായും മൂടി കണ്ണും ചെവിയും മാത്രം തുറന്നിരുന്നു അസഹിഷ്ണുതയുടെ കാലഘട്ടത്തിൽനിന്നും ഒരു പരിധിവരെ നാം പുറത്തുവന്നു എന്നു പറയാം. എങ്കിലും പൂർണ്ണമായി മുക്തരായെന്നു പറയാനും കഴിയില്ല. നാളിതുവരെ നടത്തിയ നന്മകൾക്ക് നന്ദി!നന്ദി യേശുവേ എന്നു മാത്രം നമുക്കു ഉറക്കെ പറയാം.

ക്രിസ്തുമസിന്റെ സന്ദേശം ഉൾക്കൊള്ളിച്ച് ഏവർക്കും അറിയാവുന്ന സത്യം ഒന്നുകൂടി ഉണർത്തിക്കുവാൻ ഓർമ്മിപ്പിക്കുവാൻ ഈ കുറിപ്പ് തയ്യാറാക്കുന്നു.

ക്രിസ്തുമസ് എന്താണ്? ഒറ്റ വാക്കിൽ പറഞ്ഞാൽ ക്രിസ്തുവിന്റെ ജനനം ആഘോഷിക്കുന്നതാണ്. മറ്റൊരുവിധത്തിൽ ആലോചിച്ചാൽ നാം തൂക്കുന്ന നക്ഷത്രങ്ങളും, ഒരുക്കുന്ന പുൽക്കൂടും, അലങ്കരിക്കുന്ന ട്രീയും, ഉണ്ടാക്കുന്ന കേക്കുകളും അയയ്ക്കുന്ന സന്ദേശങ്ങളും ഇതൊക്കെയാണോ ക്രിസ്തുമസ്. ഇതൊക്കെ പ്രതീകങ്ങൾ മാത്രം. എത്രക്രിസ്തുമസുകൾ നാം ആഘോഷിച്ചു. എത്രവട്ടം ക്രിസ്തു നമ്മുടെ ഹൃദയത്തിൽ ജനിച്ചു. എന്നിട്ടും ക്രിസ്തു എവിടെ? ക്രിസ്തുമസിന്റെ യഥാർത്ഥ അർത്ഥതലങ്ങളിലേക്കു നാം ഇറങ്ങിച്ചെല്ലണം. എങ്കിൽ മാത്രമേ ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ ജനിക്കൂ.

ക്രിസ്തുമസ് സമാധാന സന്ദേശം വിളംബരം ചെയ്യുന്നു. ക്രിസ്തുമസ് സമാധാനസന്ദേശം നൽകുന്നതാണ്. ക്രിസ്തു ജനിച്ച സമയത്ത് മാലാഖമാർ ആദ്യം പാടിയ ഗാനം അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനം. ആർക്കാണ് സമാധാനം. സന്മനസുള്ളവർക്കാണ്.

സമാധാനമില്ലാത്ത ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സമാധാനം ലഭ്യമാകുന്നത് ദൈവപ്രസാദമുള്ളവർക്കുമാത്രമാണ്. ദൈവപ്രസാദമുണ്ടാകണമെങ്കിൽ ക്രിസ്തു നമ്മിൽ ഉണ്ടാകണം. ക്രിസ്തു നമ്മിൽ ജനിക്കണം. സാധാരണക്കാരിൽ സാധാരണക്കാരായ ആട്ടിടയരും ജ്ഞാനികളായുള്ള ആൾക്കാരുമാണ് ക്രിസ്തുവിനെ ദർശിച്ചവർ. അവർ ദൈവപുത്രനെ ചെന്നു കണ്ടു വണങ്ങിയിട്ടാണ് സമാധാനം കണ്ടെത്തിയത്. ഈ ക്രിസ്തുമസ് ക്രിസ്തുവിനെ കണ്ടെത്തി ക്രിസ്തുവിലുള്ള സമാധാനം നമുക്കേവർക്കും ലഭ്യമാകട്ടെ.

**നക്ഷത്രം നമ്മെ പഠിപ്പിക്കുന്നത്**

ക്രിസ്തുവിന്റെ ജനനസമയത്ത് വാനിലുദിച്ച ദിവ്യതാരകമാണ് ആട്ടിടയർക്കും, ജ്ഞാനികൾക്കും വഴികാട്ടിയായത്. നമ്മുടെ ഭവനങ്ങളിലും ഇക്കാലത്ത് ഒന്നല്ല, അതിൽക്കൂടുതൽ നക്ഷത്രവിളക്കുകൾ തൂക്കുന്നു. അലങ്കാരത്തിനാകരുത് ഈ വിളക്കുകൾ. നക്ഷത്രം വഴികാട്ടിയായതുപോലെ നമ്മൾ മറ്റുള്ളവർക്ക് വഴികാട്ടിയാവണം.

**പുൽക്കൂടും എളിമയും**

രാജാധിരാജനായ മശിഹാ പിറന്നത് മാളികയിലോ, സൗധങ്ങളിലോ അല്ല. പിന്നെയോ ഗോശാലയാണ് ജന്മസ്ഥലമായത്. ഇവടെ നാം ദർശിക്കുന്നത്ക്രിസ്തു നമുക്കുവേണ്ടി ശൂന്യമായി ദാസരൂപം പൂണ്ട് കാലിത്തൊഴുത്തിൽ ജാതനായി. നാം ഒരുക്കുന്ന പുൽക്കൂടിന്റെ ഭംഗിപോലും ആ കാലിത്തൊഴുത്തിനില്ലായിരുന്നു. പാവപ്പെട്ടവർക്കായി, പാപികൾക്കായി, അവഗണിക്കപ്പെട്ടവർക്കായി ക്രിസ്തു തന്റെ ജീവിതം പൂർത്തീകരിച്ചു. അതുപോലെ നാം നമ്മുടെ ജീവിതം കാരുണ്യപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുമോ? വിട്ടുകൊടുക്കലിന്റെ മനോഭാവം നമ്മലുണ്ടാകണം. മറിയയെപ്പോലെ ഇതാ ഞാൻ കർത്താവിന്റെ ദാസി എന്നു വിനയപ്പെടുത്തിയ അനുഭവം ജോസഫിനെപ്പോലെ എളിമപ്പെടുത്തിയ സ്വഭാവം ഇവ നമ്മിൽ ഉണ്ടാകണം.



ഉഷാ ജോജി
വടക്കേത്തോപ്പിൽ

നമ്മുടെ എല്ലാ പ്രവൃത്തികളിലും താഴ്മ എന്ന ആയുധം ധരിക്കണം.

**കൂടിച്ചേരലുകൾ സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണം**

നാം മറ്റുള്ളവരെ കാണുമ്പോഴും, നമ്മെ മറ്റുള്ളവർ കാണുമ്പോഴും ഈ കൂടിക്കാഴ്ചകൾ സന്തോഷകരമാകുന്നുണ്ടോ? കൂടിച്ചേരലുകൾ വിശുദ്ധമാകണം. വിദ്വേഷം ജനിപ്പിക്കുന്ന ഒന്നാകരുത് കൂടിച്ചേരലുകൾ. വാക്കുകൾ വിശുദ്ധമാകണം. പ്രവൃത്തി വിശുദ്ധമാകണം. നമ്മുടെ സാമീപ്യം മറ്റുള്ളവർക്ക് സന്തോഷം ഉളവാകണം. പരിശുദ്ധമറിയവും, എലിശബേത്തും തമ്മിലുള്ള കൂടിക്കാഴ്ച എപ്രകാരം

*ശേഷം പേജ് 4* ➲





# തറവാട്

## പത്രാധിപക്കുറിപ്പുകൾ

സ്നേഹമുള്ള കുടുംബാംഗങ്ങളെ,

തറവാട് മാസികയുടെ അടുത്ത ലക്കവുമായി നിങ്ങളുടെ മുമ്പിൽ എത്തുകയാണ്. കുടുംബമായി നാം എല്ലാവരും സുഖമായിരിക്കുന്നുവല്ലോ. കൊറോണ സൃഷ്ടിച്ച പ്രയാസങ്ങളിൽനിന്നും ഒരു പരിധിവരെ മോചനം നേടി നമ്മൾ മാവേലിക്കരയിൽ കുടുംബമായി ഒത്തുചേരുന്നു. അതിന്റെ എല്ലാ നടത്തിപ്പിലും ദൈവിക സാന്നിദ്ധ്യം ഉണ്ടാകട്ടെ.

തറവാട് പ്രസിദ്ധീകരിക്കുമ്പോൾ ഒരു പ്രയാസമേറിയ കാര്യം അറിയിക്കട്ടെ; വേണ്ടത്ര പ്രസിദ്ധീകരണകുറിപ്പുകൾ അയച്ചുതരാൻ നമ്മുടെ പ്രിയപ്പെട്ടവർ വിമുഖത കാണിക്കുന്നു. എത്രയോ മാഹാത്മാരുടെ പിൻതലമുറക്കാരാണ് നമ്മുടെ പ്രിയകുടുംബാംഗങ്ങൾ. ഈ നിസംഗതയിൽനിന്നും പുറത്തുവരണമെന്നു ഇത്തരുണത്തിൽ ഓർമ്മിപ്പിക്കട്ടെ. നമ്മുടെ ശാഖോപശാഖകളിലെ എല്ലാവരും ഇതിനുവേണ്ടി യത്നിച്ചേ മതിയാകൂ. നിങ്ങളുടെ ചിന്തകൾ വാക്കുകളായി എഴുത്തുകളായി മാറട്ടെ; കഴിഞ്ഞ ലക്കംവരെയും പ്രസിദ്ധീകരണത്തിനാവശ്യമായ മാറ്ററുകൾ തയ്യാറാക്കിത്തന്നവരിൽ ചിലർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ചിലർ പ്രായാധിക്യത്താൽ ബുദ്ധിമുട്ടുന്നു. അവരുടെ പ്രയത്നങ്ങളെ നന്ദിയോടെ ഓർക്കുന്നു. യുവതലമുറ ഇതിനുവേണ്ടി കൂടുതലായി പ്രയത്നിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സംഭവബഹുലമായ 2022–ാം ആണ്ടിന്റെ അവസാനനാളുകളിലേക്ക് എത്തുന്നു. ദൈനംദിനം നമ്മൾ ഞെട്ടിക്കുന്ന വാർത്തകളും നീതിക്കു നിരക്കാത്ത പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു. എന്തെല്ലാം പ്രശ്നങ്ങളും പ്രതികൂലങ്ങളും നമ്മൾ തരണം ചെയ്തു. ദൈവകൃപ ഒന്നുമാത്രമാണല്ലോ നമ്മെ നിലനിർത്തിയിരിക്കുന്നത്. ഈ കൃപയുടെ തണലിൽ ഉറച്ചുനിന്നുകൊണ്ട് നമുക്ക് മുന്നേറാം. തലമുറക്കുവേണ്ടി കൂടുതൽ പ്രാർത്ഥിക്കുന്നവരാകാം. എല്ലാ ക്രിസ്തുമസിന്റെയും, നവവത്സരത്തിന്റെയും ആശംസകൾ നേർന്നുകൊണ്ട്


സ്നേഹത്തോടെ,

**ജോജി ഫിലിപ്പ്**




# വടക്കേത്തലയ്ക്കൽ മഹാകുടുംബയോഗ ഭാരവാഹികൾ – 2022

**PATRON**



**Rev. T.M. PHILIPOSE**
Ooriapadickal Thadathel, Kumbanad P.O.
9497329980

**PRESIDENT**



**Prof. ALEXANDER V. GEORGE**
Vadakethalackal Prambil,
Mavelikara - 9446191735

**GEN. SECRETARY**



**Mr. P. NELSON**
Adoor Manakala
9496325265

**TREASURER**



**Mr. K.O. PHILIP**
Kanjirathummoottil, Kunnom P.O
Mavelikkara-9446916699

**VICE PRESIDENTS**

**Mr. NINAN VARGHESE**
Mavelikara - 9847105663

**Justice FELIX MARYDAS MARET**
Kalloopara - 9847105663

**Mr. KURIAN THOMAS**
Adoor, Manakkala - 9946650596

**Mr. GEORGE MATHEW**
Ooriapadickal - 9940944902

**Mr. K.T. JOSEPH**
Puthenkavu - 9847563488

**Mr. C.A. ZACHRIAH**
Pathanapuram - 9847576073

**Mr. K.T. VARGHESE**
Thumpamon - 9447835264

**JOINT SECRETARY**

**Mr. NOBLE P. ABRAHAM**
Ooriapadickal - 9497329980

**THARAVAD CHIEF EDITOR**

**Mr. JOJI PHILIP**
Ooriapadickal - 9447835264

**WEB CO-ORDIANATOR**

**Mr. AJI MARET**
Maret - 9946697230

**THARAVAD ASS. EDITOR**

**Mrs. USHA MARY MATHEW**
Ooriapadickal - 9447835264

**AUDITOR**

**Mr. KURIAN THOMAS**
Adoor Manakala - 9946650596

P.S. തറവാടിലേക്കുള്ള പ്രസിദ്ധീകരണങ്ങൾ കുടുംബയോഗാംഗങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നു. പ്രസിദ്ധീകരണം അയയ്ക്കുമ്പോൾ നിങ്ങളുടെ പൂർണ്ണമായ പേരും, മേൽവിലാസവും, ശാഖയും, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും അയയ്ക്കാൻ സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. **തപാലിൽ അയയ്ക്കുമ്പോൾ:**


**ജോജി ഫിലിപ്പ്, വടക്കേതോപ്പിൽ, കുമ്പനാട് പി.ഒ, തിരുവല്ല – 689547, പത്തനംതിട്ട, കേരള, എന്ന വിലാസത്തിൽ അയയ്ക്കുക.**

Mob: 9447835264, E mail: philipjoji61@gmail.com



# രക്ഷാധികാരിയുടെ ആശംസ...

# ചില ചിന്തകൾ



റവ. റ്റി.എം. ഫിലിപ്പോസ്

നാം ഒരു വർഷത്തിന്റെ അവസാനത്തിലേക്ക് അടുക്കുകയാണ്. ഒരു തിരിഞ്ഞുനോട്ടം നല്ലതാണ്. നാം എടുത്ത തീരുമാനങ്ങൾ നല്ലതായിരുന്നുവോ? അവ എത്രമാത്ര നടപ്പിലാക്കാൻ സാധിച്ചു. കുടുംബയോഗകാര്യങ്ങളിൽ എത്രമാത്രം ഉത്സാഹം കാട്ടി? എന്നൊക്കെ ചിന്തിക്കുന്നത് നല്ലതാണ്. പിഴവുകൾ വന്നിട്ടുണ്ടെങ്കിൽ തിരുത്തി മുമ്പോട്ട് പോകുന്നതിന് ദൈവം സഹായിക്കട്ടെ. അപ്പോസ്തലനായ പൗലോസ് പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാം. "പിന്നിലുള്ളത് മറന്ന് മുന്നിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടാം".

കോവിഡ് നമ്മെ വളരെയധികം അധോമുഖരാക്കി എന്ന് പറയുന്നതായിരിക്കും ശരി. നമ്മുടെ ഉത്സാഹം വളരെ കുറഞ്ഞുപോയി. ആ ഭാവത്തിൽനിന്ന് ഉണരാൻ പുതുവത്സരം നമുക്ക് ഇടയാകണം. പുതുവത്സരം പുതിയ ഊർജ്ജത്തിന്റെയും പുതിയ തീരുമാനങ്ങളുടെയും പ്രവർത്തനങ്ങളുടെയും വർഷമായിരിക്കട്ടെ.

ജ്ഞാനിയായ ശലോമോൻ പറയുന്നു. "യഹോവഭക്തി ജ്ഞാനത്തിന്റെ അനുഭവമാകുന്നു. എന്ന് ശലോമോൻ സദൃശവാക്യത്തിൽ പറയുന്ന ചില ആശയങ്ങൾ ചിന്താമൃതങ്ങളാണ്. അവയിൽ ചിലത് സൂചിപ്പിച്ച് ഈ കുറിപ്പ് അവസാനിപ്പിക്കാം. "പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക, സ്വന്ത വിവേകത്തിൽ ഊന്നരുത്.

നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക, അവൻ നിന്റെ പാതകളെ നേരെയാക്കും (5:56) നിനക്കുതന്നെ നീ ജ്ഞാനിയായി തോന്നരുത്. യഹോവയെ ഭയപ്പെട്ട് ദോഷം വിട്ടുമാറുക. യഹോവഭക്തി ദോഷത്തെ വെറുക്കുന്നതാകുന്നു. (8:13)

യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭവും പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനം വിവേകവും ആകുന്നു. (9:10) യഹോവഭക്തി ആയുസിനെ ദീർഘമാകുന്നു. (10:27)

യഹോവഭക്തി ജീവന്റെ ഉറവയാകുന്നു. അതിനാൽ മരണത്തിന്റെ കണികളെ ഒഴിഞ്ഞുപോകും (14: 27)

യഹോവഭക്തിയോടുകൂടെ അല്പധനം ഉള്ളത് നന്ന് (15:16)

യഹോവഭക്തി ജ്ഞാനോപദേശമാകുന്നു. മാനത്തിന് വിനയം മുന്നോടിയാകുന്നു (15:33)

നീതിയും ന്യായവും പ്രവർത്തിക്കുന്നത് യഹോവയ്ക്ക് ഹനനയാഗത്തെക്കാൾ ഇഷ്ടം. (21:3)

താഴ്മയും യഹോവഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു. (22:4)

# പ്രസിഡന്റിന്റെ ആശംസ...



പ്രൊഫ. അലക്സാണ്ടർ വി. ജോർജ്ജ്

പ്രിയ കുടുംബാംഗങ്ങളെ,

വടക്കേത്തലയ്ക്കൽ മഹാകുടുംബത്തിന്റെ 108-ാമത് വാർഷിക പൊതുസമ്മേളനം മാവേലിക്കര ശാഖയുടെ ചുമതലയിൽ നടക്കുകയാണല്ലോ. എല്ലാ കുടുംബാംഗങ്ങളും പ്രസ്തുത സമ്മേളനത്തിൽ എത്തിച്ചേരുമെന്ന് വിശ്വസിക്കുന്നു. കഴിഞ്ഞ രണ്ടുകൊല്ലം കൊറോണയുടെ പകർച്ചവ്യാധി കാരണം നമുക്ക് ഒത്തുചേരുവാൻ സാധിച്ചില്ല. അതിൽനിന്ന് മോചനം കിട്ടിയ അവസരം നാം ശരിയാംവണ്ണം വിനിയോഗിക്കും എന്ന് വിശ്വസിക്കുന്നു.

നാം സാധാരണ പറയാറുള്ളതുപോലെ സമൂഹത്തിന്റെ ഏറ്റവും അടിസ്ഥാന ഘടകമാണ് കുടുംബം. കുടുംബം നന്നായെങ്കിൽ മാത്രമെ സമൂഹം നന്നാകത്തുള്ളു. ഭവനങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ സമൂഹത്തിൽ പ്രതിഫലിക്കപ്പെടും. എന്നാൽ സമൂഹത്തിലെ തിന്മകളെ ഭവനങ്ങളിലേക്ക് വലിച്ചിഴയ്ക്കുവാൻ ശ്രമിക്കരുത്. കുടുംബങ്ങൾ തമ്മിലുള്ള ഏകീഭാവം കുടുംബത്തിൽ സ്നേഹവും സമാധാനവും സൃഷ്ടിക്കാൻ സാധിക്കുന്നു. നമ്മുടെ കുടുംബങ്ങളിൽ കുടുംബപ്രാർത്ഥനയ്ക്ക് വളരെയേറെ പ്രാധാന്യം നാം കൊടുക്കണം. മക്കൾക്കുവേണ്ടി മാതാപിതാക്കൾ പ്രാർത്ഥിക്കുന്നത് അവർ കേൾക്കുന്നു. വിശ്വാസജീവിതത്തിന്റെ അടിസ്ഥാനം അടിസ്ഥാനം ഭവനങ്ങൾ പണിയപ്പെട്ടതാണ്. അതുകൊണ്ടാണ് നാം ദൈവത്തെ പിതാവ് എന്നു വിളിക്കുന്നത്. എന്നാൽ ബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്ന ഒരുസമൂഹത്തിലാണ് നമ്മൾ ആയിരിക്കുന്നത്. അതിനുള്ള കാരണം ക്രിസ്തീയ മൂല്യങ്ങൾ മറഞ്ഞുപോയിരിക്കുന്നു എന്നതു തന്നെ. ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള മനസ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഭവനങ്ങൾ ദൈവത്താൽ പണിയപ്പെട്ടതുകൊണ്ടാണ് ഇവ സംഭവിക്കുന്നത്. ക്രിസതീയ വചനങ്ങളാൽ നിയന്ത്രിക്കപ്പെടേണ്ടതിന് ഭവനങ്ങളെ നമുക്ക് സമർപ്പിക്കണം.

'ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം' എന്ന ചൊല്ല് എന്നും പ്രസക്തമാണ്. തിരുവചനവും ഇതുതന്നെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. ''ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക. അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല". കുടുംബത്തിൽനിന്നു കിട്ടുന്ന ശിക്ഷണമാണ് വ്യക്തിത്വത്തെ രൂപാന്തരപ്പെടുത്തുന്നത്. അതൊരു ദൈവിക പ്രവർത്തിയാണ്. പ്രതിസന്ധിയും പ്രതികൂലങ്ങളും ഉതകുംവണ്ണം നാം ജീവിക്കുമ്പോൾ നമ്മുടെ കുടുംബം ധന്യമാകും.


ദൈവത്തോടുള്ള ബന്ധത്തിൽ സ്നേഹം, സന്തോഷം, സമാധാനം എന്നീ ഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിയുന്നതുപോലെ മറ്റുള്ളവരോടുള്ള നമ്മുടെ സാമൂഹ്യബന്ധത്തിൽക്കൂടി ഉളവാകുന്ന സ്ഥലങ്ങളാണ് ദീർഘക്ഷമ, ദയ, പരോപകാരം. നമ്മുടെ കുടുംബയോഗ പ്രവർത്തനങ്ങളിൽ വളരെ അത്യാവശ്യമായി ആർജ്ജിക്കേണ്ട ഒന്നാണ് ഇവ. ഇവയുടെ അഭാവം നിമിത്തം നമ്മുടെ സാമൂഹ്യബന്ധങ്ങൾക്ക് ഉലച്ചിൽ സംഭവിക്കുന്നു. ഐക്യത്തിലും കൂട്ടായ്മയിലും നയിക്കുന്ന ദൈവാത്മാവ് ഇന്ന് അധികമായി നമ്മുടെ ഇടയിൽ വ്യാപരിക്കേണ്ടതുണ്ട്. ഭവനങ്ങളിൽ അക്ഷമ നിമിത്തം എന്തെല്ലാം അനർത്ഥങ്ങളും അസ്വാസ്ഥ്യങ്ങളുമാണ് സംഭവിക്കുന്നത്. സംഘട്ടനങ്ങൾക്കും സംഘർഷങ്ങൾക്കും ഇത് കാരണമാകുന്നു. വിശുദ്ധ പൗലോസ് നമ്മോട് ആവശ്യപ്പെടുന്നു. "എപ്പോഴും വിനയവും സൗമ്യതയും സഹനശക്തിയുമുള്ളവരായിരിപ്പിൻ" (എഫേ. 4:2)

ഇന്നു മനുഷ്യത്വം മരവിച്ച് ജനങ്ങൾ കൂടുതൽ കഠിനചിത്തരായി തീർന്നുകൊണ്ടിരിക്കയാണ്. ആധുനികകൊലയായുധങ്ങൾ കയ്യിൽ എത്തിച്ചേർന്നതോടുകൂടി നിഷ്കരുണം ആരെയും കൊലചെയ്യാൻ കഴിയും എന്ന അവസ്ഥയാണ്. ഇന്ന് സമൂഹത്തിൽ ദയയ്ക്ക് സ്ഥാനമില്ലാതായിരിക്കുന്നു. ചിലർ വാക്കിലും ദയയില്ലാത്തവരായി മാറുന്നു. മൂർച്ചയേറിയ നാമുകൊണ്ട് അനേകരെ കടന്നാക്രമിക്കാൻ

*ശേഷം പേജ് 5* ➲



# എന്റെ എത്യോപ്യൻ ജീവിതം ഓർമ്മകളിലൂടെ ........



ബാബു ബ്ലൂനൈൽ
ഊര്യേപടിക്കൽ

51 വർഷങ്ങൾക്കുമുമ്പ് ആഫ്രിക്കൻ രാജ്യമായ എത്യോപ്യയിൽ നടന്ന ഒരു സംഭവമാണ് ഇവിടെ എഴുതുന്നത്. 1966 മുതൽ 1973 വരെ ഒരു അധ്യാപകനായി എത്യോപ്യയിൽ ഞാൻ ജോലി ചെയ്തിരുന്നു. എത്യോപ്യയിലെ നാല് പ്രധാന പട്ടണങ്ങളായിരുന്നു ആഡിസ് അബാബ, ഡെസ്സി, മക്കലെ, അസ്മാറ എന്നിവ. 1930 കളിൽ ഇറ്റാലിയൻ അധിനിവേശ കാലത്ത് എത്യോപ്യൻ മലനിരകളിൽക്കൂടി നിർമ്മിച്ച ഒരു റോഡാണ് ഈ പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരുന്നത്. ആഡിസ് അബാബയിൽനിന്നും 250 കിലോമീറ്റർ അകലെയുള്ള സ്ഥലമാണ് ഡെസ്സി. അവിടെ ഒരു സ്കൂളിലാണ് ഞാൻ ജോലി ചെയ്തത്.

1971 ജൂലൈ മാസം അവധിക്ക് നാട്ടിൽ വരുന്നതിനായി ഞാനും എന്റെ ഭാര്യയും 6 മാസം പ്രായമുള്ള മകനും മൂവാറ്റുപുഴ സ്വദേശി ഒരു സ്നേഹിതനും അദ്ദേഹത്തിന്റെ ഭാര്യയും 35 ദിവസം പ്രായമുള്ള മകളും ഒരുമിച്ച് എന്റെ ചെറിയ Volkswagen beetle കാറിൽ ഡെസ്സിൽനിന്നും ആഡിസ് അബായിലേക്ക് യാത്ര തിരിച്ചു. ഞങ്ങളുടെ പെട്ടികൾ കാറിന്റെ മുകളിലുള്ള ലഗ്ഗേജ് കാരിയറിൽ വെച്ചുകെട്ടിയിരിക്കയായിരുന്നു. അല്പംപോലും ടാർ ചെയ്യാത്ത കല്ലുകൾ നിറഞ്ഞ റോഡായിരുന്നതുകൊണ്ട് 10 മണിക്കൂർ കൊണ്ടുമാത്രമേ ആഡിസ് അബായിൽ എത്തുകയുള്ളു. വഴിയിൽ വാഹനങ്ങൾ വളരെ കുറവാണ്. ഏകദേശം 60 കി.മീ. യാത്ര ചെയ്തപ്പോൾ ഒരു വളവിൽ എതിർ ദിശയിൽനിന്നും ഒരു ലോറി വരുന്നതുകണ്ട് ഞാൻ നന്നായി ഒന്നു ബ്രേക്ക് ചെയ്തു. പെട്ടെന്ന് കാർ എതിർദിശയിലേക്ക് തിരിയുകയും സാവധാനം വശം ചരിഞ്ഞു മറിയുകയും ചെയ്തു. ഒരു പ്രാവശ്യംകൂടി മറിഞ്ഞിരുന്നെങ്കിൽ കാർ 40 അടി താഴ്ചയുള്ള കൊക്കയിലേക്ക് മറിയുമായിരുന്നു. കുറച്ച് കല്ലുകൾ അവിടെ ഉണ്ടായിരുന്നതുകൊണ്ട് അത് സംഭവിച്ചില്ല. 10-20 കി.മീ. ചുറ്റളവിൽ മനുഷ്യവാസം ഇല്ലാതിരുന്ന സ്ഥലമായിരുന്നു. ദൈവത്തിന്റെ വൻ കരുതൽ.

ഒരുവിധം ഞാൻ കാറിനു വെളിയിൽ ഇറങ്ങി. അല്പസമയത്തിനകം ഡെസ്സിയിൽനിന്നും ആഡിസ് അബായിലേക്കുള്ള ആദ്യത്തെ ബസ് അവിടെ എത്തി. പെട്ടെന്ന് ബസ് നിർത്തി ഡ്രൈവറും മറ്റ് ആളുകളും ചേർന്ന് കാർ പൊക്കി അതിനകത്തുണ്ടായിരുന്ന എല്ലാവരെയും വെളിയിൽ കൊണ്ടുവന്നു. ആർക്കും ഒരു പരുക്കും ഉണ്ടായില്ല. പെട്ടെന്നുതന്നെ ബസ് സ്റ്റാഫ് ചിതറിക്കിടന്ന ഞങ്ങളുടെ പെട്ടികൾ എടുത്തു അവരുടെ ബസിന്റെ മുകളിൽ കെട്ടിവയ്ക്കുകയും ആഡിസ് അബായിൽ ഞങ്ങളുടെ ഓഫീസിൽ വന്ന് നിങ്ങൾക്ക് കളക്ട് ചെയ്യാം എന്നു പറയുകയും ചെയ്തു. ഇതിനിടയിൽ ആരോ കാർ ഓടിച്ചുനോക്കിയതിനുശേഷം എന്നോടു പറഞ്ഞു. മറ്റ് മാർഗ്ഗം ഇല്ലാതിരുന്നതുകൊണ്ട് സൈഡ്ഗ്ലാസ് പൊട്ടിപ്പോയ കാർ ഞാൻ തന്നെ ഓടിച്ച് അവിടെ നിന്നും 100 കി.മീ. അകലെ മലയാളി അദ്ധ്യാപകരുള്ള ഒരു സ്ഥലത്ത് വിശ്രമിച്ച ശേഷം പിറ്റേദിവസം അതേ കാറിൽ ആഡിസ് അബായിൽ എത്തി.

കാർ വർക്ക്ഷോപ്പിൽ കൊടുത്തതിനുശേഷം ഒരു ടാക്സിയിൽ ഞാനും സ്നേഹിതനും കൂടി ഞങ്ങളുടെ പെട്ടികൾ എടുക്കുന്നതിനായി ആഡിസ് അബായിലെ ഏറ്റവും തിരക്കേറിയ ഒരു മാർക്കറ്റിൽ ബസ് കമ്പനിയുടെ ഒരു ചെറിയ മുറി ഓഫീസിൽ എത്തി തലേദിവസം ഞങ്ങളെ സഹായിച്ച ബസ് സ്റ്റാഫ് ആരും അവിടെ ഇല്ലായിരുന്നു. പെട്ടികൾ നിങ്ങളുടെ ആണെങ്കിൽ എടുത്തോ എന്ന് അവിടെ ഉണ്ടായിരുന്ന ഒരാൾ പറഞ്ഞു.

ഞാൻ ഇത്രയും ദീർഘമായി എഴുതിയത് ഞങ്ങളെ അത്ഭുതപ്പെടുത്തിയ ഒരു വസ്തുത പറയുവാനാണ്. നാട്ടിൽ വരുന്നതിനായി പുതുതായി ഞങ്ങൾ വാങ്ങിയ സാധനങ്ങൾ അടങ്ങിയ പൂട്ടിയിട്ടില്ലാത്ത പെട്ടികൾ ആയിരുന്നു അവരുടെ ഓഫീസിൽ എത്തിച്ചതും ഞങ്ങൾ ഏറ്റുവാങ്ങിയതും. അതിനുള്ളിലെ ഒരു സാധനവും നഷ്ടപ്പെട്ടില്ല. ഞങ്ങൾ വിദേശികളാണ്. ഇങ്ങനെ ഒരു സംഭവം നമ്മുടെ നാട്ടിൽ വിദേശികൾക്ക് പോകട്ടെ നാട്ടുകാർക്ക് ഉണ്ടായാൽ എന്തായിരിക്കും അനുഭവം ? എത്യോപ്യക്കാർ നല്ലവരോ ?

പേജ് 1 തുടർച്ച ➲

## ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു സമാധാനം

ആയിരുന്നു. രണ്ടുപേരും അതിരില്ലാത്ത സന്തോഷത്തിന്റെ അറ്റത്തോളം എത്തുകയാണ്. കർത്താവിന്റെ മാതാവിന്റെ സാമീപ്യവും, കേട്ട വന്ദനസ്വരവും ഗർഭത്തിൽ കിടന്ന പിള്ളപോലും ആനന്ദംകൊണ്ടു തുള്ളിയെന്ന് എലിശബേത്തിന്റെ വാക്കുകളിലൂടെ നമുക്കു മനസിലാകുന്നു. നമ്മുടെ കൂടിക്കാഴ്ചകൾ ആനന്ദം ജനിപ്പിക്കുന്നതോ അതോ അകറ്റിനിർത്തിക്കുന്നതോ? നമ്മുടെ കുടുംബയോഗങ്ങളും, ബന്ധങ്ങളും എപ്രകാരം എന്നു ചിന്തിക്കുക. ഒരിറ്റു മണ്ണിനുവേണ്ടി സ്വന്തം മാതാപിതാക്കളെയും, സഹോദരങ്ങളേയും ഇല്ലായ്മ ചെയ്യുന്ന കാലഘട്ടമാണിത്. സ്വാർത്ഥത മാത്രം. സ്വന്തം സുഖലോലുപത മാത്രം. ഇതു നമുക്ക് പൊളിച്ചുമാറ്റേണ്ട കാലം ആയി. മതിലുകളെ പൊട്ടിച്ചെറിയുക. പകരം പാലങ്ങൾ പണിയുക. നമ്മുടെ കൂടിക്കാഴ്ചകൾ വിശുദ്ധമാകട്ടെ. പ്രവർത്തികൾ വിശുദ്ധമാകട്ടെ. സ്നേഹത്തിൽ അടിയുറച്ചതാകട്ടെ നമ്മുടെ ജീവിതം.

**മറ്റുള്ളവർക്കുവേണ്ടി ത്യാഗം സഹിക്കുക**

പിതാവായ ദൈവം സ്വന്തം പുത്രനെ മനുഷ്യനായി ഭൂമിയിലേക്ക് അയച്ചത് നമ്മോടുള്ള അളവറ്റ സ്നേഹത്തിന്റെ പ്രതീകമാണ്. ക്രിസ്തു നമുക്കുവേണ്ടി ശൂന്യമായി ദാസവേഷം പൂണ്ട് ജനനം പോലും കാലിത്തൊഴുത്തിന്റെ ഇടങ്ങളിലായി. നമ്മുടെ പാപങ്ങൾക്കുവേണ്ടി, പാപികളായ നമ്മുടെ ശിക്ഷകളിൽനിന്നും രക്ഷ പ്രാപിപ്പാൻ കുരിശിലേറി. നാം മറ്റുള്ളവർക്കുവേണ്ടി എന്തു ത്യാഗമനോഭാവം ചെയ്യുന്നു. മറ്റുള്ളവരുടെ ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ? അശരണരേയും നിരാലംബരേയും രോഗികളേയും കരുതുവാൻ സഹായിക്കാൻ എന്തുമാത്രം നമ്മൾ ബദ്ധപ്പെടുന്നു. മറ്റുള്ളവർക്കുവേണ്ടി ബദ്ധപ്പെടുവാൻ നാം ഒരുങ്ങണം. എങ്കിലേ ക്രിസ്തുമസ് അർത്ഥപൂർണ്ണമാകൂ.

**തലമുറകളോടുള്ള ആഹ്വാനം**

അഴിമതിയും, അക്രമവും, തീവ്രവാദവും, ലഹരി ഉപയോഗവും, അസഹിഷ്ണുതയും, സ്ത്രീപീഡനങ്ങളും, അധാർമ്മികതയും, മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങളും വർദ്ധിച്ചുവരുന്ന കാലഘട്ടമാണിത്. ഈ കൊറോണ കാലഘട്ടത്തിനുശേഷം യുവതലമുറ മീഡിയാകളുടെ പിടിയിൽ അമർന്നുപോയി എന്നു പറയാം. മൊബൈൽഫോണുകൾ ഉപകാരത്തിനും ഉപരി ദോഷമാണ് തലമുറയ്ക്ക് നൽകിയത്. മൊബൈൽ ഒരു ലഹരിപോലെ കുട്ടികളെ വേട്ടയാടപ്പെട്ടു. പഠനവും പഠനരീതികളും അച്ചടക്കവും കുട്ടികൾ പാടേ മറന്നു. ഇതിൽനിന്നും പുറത്തുവന്നേ മതിയാകൂ. ആത്മനിയന്ത്രണവും, അച്ചടക്കവും ആവശ്യമാണ്. കൊറോണ ദൈവാലയത്തിൽനിന്നും ജനങ്ങളെ അകറ്റി. വീട്ടിലിരുന്നാലും ആരാധിക്കാം എന്നവസ്ഥയിലേക്ക് ഇപ്പോൾ കാര്യങ്ങൾ മാറി. അവിടെയും നാം മീഡിയായുടെ അതിപ്രസരം ആണ് കണ്ടുകൊണ്ടിരിക്കുന്നത്. ഇതുമൂലം ആദർശങ്ങൾ ഇല്ലാതാകുന്നു. മൂല്യങ്ങൾക്ക് ശോഷണം സംഭവിക്കുന്നു. പരസ്പരം കണ്ടുമുട്ടലുകൾ ഇല്ലാതാകുന്നു. ക്ഷേമാന്വേഷണങ്ങൾ ഇല്ലാതാകുന്നു. മുഖത്തോടുമുഖം കാണാതാവുന്നു. സമൂഹത്തിന്റെ ഭാവി എങ്ങോട്ടേക്ക്, സ്വാർത്ഥത മാറ്റുക, മറ്റുള്ളവരെ ബഹുമാനിക്ക, നടക്കേണ്ടുന്ന പാതയിൽ നടക്കുക, പകയും വിദ്വേഷവും അകറ്റുക. ക്രിസ്തുവിൽ ആനന്ദം കണ്ടെത്തുക. അപ്പോൾ ക്രിസ്തുമസ് അർത്ഥവത്താകും.

ക്രിസ്തുമസ് ആഘോഷമാക്കരുത്. അതൊരു അനുഭൂതിയാകണം. നക്ഷത്രങ്ങളുടെ ബാഹുല്യത്തിലല്ല കാര്യം. നക്ഷത്രങ്ങളെപ്പോലെ നാം വഴികാട്ടിയാകണം. പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവിന്റെ എളിമ നാം ധരിക്കണം. മറ്റുള്ളവർക്കുവേണ്ടി നമ്മുടെ സമ്പത്തും, സമയവും വിനിയോഗിക്കാൻ തയ്യാറാകുക. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും, സഹിഷ്ണുതയുടെയും സന്ദേശമാണ് ക്രിസ്തുമസ് നമുക്ക് തരുന്നത്. മറ്റുള്ളവർക്കുവേണ്ടി ഒരു അപ്പമാകാൻ തയ്യാറാണോ? ഡിസംബർ 25 മാത്രമാകരുത് ക്രിസ്തുമസ്. ഓരോ ദിനങ്ങളും ക്രിസ്തുമസ് ആയിരിക്കട്ടെ! തലമുറകൾക്കുവേണ്ടി നാം ധാരാളമായി പ്രാർത്ഥിക്കാം. ഈ ക്രിസ്തുമസ് കാലഘട്ടത്തിൽ ഒരു പുതുക്കലിന്റെ സമർപ്പണത്തോടെ കുടുംബമായി മുന്നേറാം!

# SOME CONFLICT IS HEALTHY

## HOW DIVISION CAN MAKE US STRONGER



**Anju Ann Mathews**
*D/o O. A. Ninan, Oorial Grace Mount, Kumbanad, Ooriapadickal*

We all know how Solomon used a sword to decide a case- the story from 1 Kings 3:16-28. Was it cruelty or wisdom to decide to cut the baby in two? When Israel heard of the judgment Solomon rendered, they stood in awe of him, perceiving that the Spirit of God was in him. Can you explain, however, why he was wise to reach for a sword?

We might say Solomon was wise because it worked. Each mother proved her true worth and justice was served. What made Solomon wise, in this case, was that he knew to push into the conflict between them to prove who was who. He pressed on the sensitive issue at hand until each woman revealed what kind of woman she really was. The apostle Paul offers a similar piece of wisdom to the church- 'In the first place, I hear that when you come together as a church, there are divisionsamong you, and to some extent I believe it. No doubt there have to be differences among you toshow which of you have God's approval.' (1 Corinthians 11:18–19 MSG)

I would like to apply this thought to our families- related by blood but divided by denomination. There must be divisions/ factions/ conflicts among us for our relations to be healthy. Why? Like Solomon with the prostitutes: to prove who is who. Are we church worshippers or God worshippers? Do we love the rites and rituals of our church or do we love God more? Are the divisions in our families caused because of allegiance to the church or to God? Which of the following verses apply to us? -How wonderful, how beautiful, when brothers and sisters get along! (Psalm 133:1 MSG) -Do not suppose that I have come to bring peace to the earth. I did not come to bring peace, but a sword. For I have come to turn "'a man against his father, a daughter against her mother, a daughter-in-law against her mother-in-law— a man's enemies will be the members of his own household.'"(Matthew 10:34-36 MSG)

Are divisions good or bad? Listen to what Paul says in 1 Corinthians 1:10 (MSG)- 'I have a serious concern to bring up with you, my friends, using the authority of Jesus, our Master. I'll put it as urgently as I can: You must get along with each other. You must learn to be considerate of one another, cultivating a life in common.' He calls division a "work of the flesh" (Galatians 5:19–20). He says to those who cause and strengthen such conflict, "This isn't the first time I have warned you, you know. If you use your freedom this way, you will not inherit God's kingdom." (Galatians 5:21). According to Paul, divisions serve to confirm and refine those who follow the truth of God and not just the teachings of the church.

Just as the dispute in Solomon's court drew cold hearted selfishness out of the grieving woman, and warm-hearted selflessness out of the other, so also conflict draws out whatever's inside of us — for better or worse. This is true in churches, in marriages, in friendships, in any relationship. The fires of strife will make those enslaved to sin, act more sinfully, and those captive to grace act all the more graciously. This makes division a revealer and a purifier.

What sets the godly apart in these divisions? After Paul warns us about the weeds of divisiveness, he tells us what grows in gardens watered by the Spirit: love, not hatred; joy, not grumbling; peace, not worry; patience, not irritability; kindness, not cruelty; goodness, not corruption; faithfulness, not faithlessness; gentleness, not harshness; self-control, not indulgence (Galatians 5:22–23).

And the presence (or absence) of any of these qualities is felt more deeply in conflict, isn't it? We may not really notice love or peace until they're surprising. We may not appreciate someone's patience until we expected them to be impatient, their kindness until we expected them to be harsh, their faithfulness until we expected them to give up and walk away. Division harvests whatever has been growing within us, whether good or bad, and displays it for others to see.

We see that conflicts reveal what is genuine or not, allowing loving confrontation and a call to believe and repent. If someone has been captured by sin, and no one around him knows, how will he be set free? How will he taste the grace he can only pretend to know? Conflict will draw sin out of all of us so that we can help one another put it to death (Hebrews 3:12–13). But conflict will also uncover secret beauty. It will prove the genuineness of the genuine — the hidden holiness we may not always notice in one another. Isn't God kind to give us glimpses of the good he's doing in us?

Why has God allowed for divisions in church and so divisions in family? In part, so that we might see the inner gem or gold of that person. How dull might the gold of genuine faith seem without a fire to refine and illuminate it?

Over time, division in healthy churches produces unity, not division. Don't let the good fruit of conflict silence the apostle's clear charge in 1Corinthians 1:10; we aim for agreement and harmony in Christ. We can't let the usefulness of divisions make any of us divisive.

After all, Paul's comment — "there must be differences among you" — comes clothed in a vision for togetherness. He's writing about the Lord's table (1 Corinthians 11:33–34). There is one body, one Spirit, one Lord, one faith, one baptism, one Table — so put away whatever is separating those that God has joined together.

Factions will come, and they must, but they come as catalysts to a deeper, more meaningful sense of family. So as far as it depends on us, let's pursue togetherness in the truth — and receive church conflict as an invitation to explore and experience more of the oneness we have in Christ.

●

പേജ് 2 തുടർച്ച ➲ **പ്രസിഡന്റിന്റെ ആശംസ......**

കഴിവുള്ളവരാണ് ഹൃദയത്തിൽ ദയയുണ്ടെങ്കിൽ മാത്രമേ അത് വാക്കുകളിൽ പ്രതിഫലിക്കുകയുള്ളൂ.

ദയ പ്രാവർത്തികമാകുമ്പോൾ നന്മ അവിടെ ഉളവാകും. മറ്റുള്ളവരെക്കുറിച്ച് നന്മ ചിന്തിക്കുന്നവർക്ക് മാത്രമേ അവർക്ക് നന്മ പകരാൻ കഴിയൂ. അതുകൊണ്ട് നന്മയെ കണ്ടാൽ സന്തോഷിക്കുന്നവരും അതിനെ അഭിനന്ദിക്കുന്നവരുമായിത്തീരുവാൻ നമ്മുടെ കുടുംബങ്ങൾക്ക് കഴിയട്ടെ. കുടുംബങ്ങളിലും ജോലിസ്ഥലത്തും നമ്മൾ ഇടപെടുന്ന മേഖലകളിലെല്ലാം നമ്മുടെ ബന്ധങ്ങൾക്ക് ഉലച്ചിൽ സംഭവിക്കുമ്പോൾ ഈ മൂന്ന് ഫലങ്ങളെ കുറിച്ച് ഓർക്കുക. ദീർഘക്ഷമ, ദയ, നന്മ, (പരോപകാരം) അത്. നമ്മളിൽ സൗഹാർദ്ദവും നല്ല ബന്ധവും സ്ഥാപിക്കുവാൻ സഹായിക്കട്ടെ.

ഒരു വ്യക്തിയുടെ ആദ്യത്തെ ആകർഷണീയത വിനയവും, ലാളിത്യവും, എളിമയും, അച്ചടക്കവുമുള്ള പെരുമാറ്റരീതിയും ശാരീരികമായ വേഷവിധാനത്തിൽ പുലർത്തുന്ന അച്ചടക്കവുമാണ്. ക്ഷമ നിറഞ്ഞ, സ്നേഹപൂർണ്ണമായ, വിശ്വാസയോഗ്യമായ, നന്മ നിറഞ്ഞ സേവനസന്നദ്ധത അതിന് മാറ്റുകൂട്ടും. ചെറിയ സൗഹൃദയങ്ങളിൽ പോലും പുലർത്തുന്ന ആത്മാർത്ഥതയും സത്യസന്ധതയും നിറഞ്ഞ വശ്യമായ പെരുമാറ്റം അതിന്റെ മൂല്യം വർദ്ധിപ്പിക്കും.

മറ്റ് വ്യക്തികളോടു പുലർത്തുന്ന ബഹുമാനമായ നയചാതുര്യമികവും ഈ ആകർഷണീയതയെ സഫലമാക്കുന്ന ഘടകങ്ങളാണ്. എല്ലാവർക്കും പുതുവത്സരാശംസകൾ നേർന്നുകൊണ്ട് നിർത്തട്ടെ.

●



# ജീവിതലക്ഷ്യം എന്ത്?

സാറാ ബോബിന കുര്യൻ, തടത്തേൽ, ഊര്യപ്പടിക്കൽ



ജീവിതം ദൈവത്തിന്റെ ദാനമാണ്. എന്താണ് ജീവിതലക്ഷ്യം എന്നത് എല്ലാറ്റിലുമുള്ള ഒരു ചോദ്യമാണ്. ഒരു കഥയിലൂടെ അത് വിവരിക്കാം.

ഒരിക്കൽ ശ്രേഷ്ഠനായ ഗുരുവിന്റെ അടുക്കൽ ഒരാൾ വന്നുചോദിച്ചു. എന്താണ് ജീവിതത്തിന്റെ ലക്ഷ്യം. ഗുരു പറഞ്ഞു. പ്രകൃതിയിലേക്ക് ഇറങ്ങി ചെല്ലുക. പ്രകൃതിയിൽനിന്നുതന്നെ പഠിക്കാം.

അങ്ങനെ ആ മനുഷ്യൻ പ്രകൃതിയിലേക്ക് ഇറങ്ങിച്ചെന്നു. ആദ്യം അയാൾ കണ്ടത് ഒരു മുന്തിരിച്ചെടിയാണ്. മുന്തിരിച്ചെടിയോട് ചോദിച്ചു. എന്താണ് ജീവിത ലക്ഷ്യം? എനിക്ക് സ്വയമേ നിൽക്കാൻ കഴിയില്ല. എന്നാൽ എന്റെ ഫലം മറ്റുള്ളവർക്ക് മധുരം പകരുന്നു. മുന്തിരിച്ചെടിയിൽ വന്നിരുന്ന കുയിലിനെ കണ്ടു. അതിനോട് ചോദിച്ചു. എന്താണ് നിന്റെ ജീവിതലക്ഷ്യം? ഇത്രയും നാളും പാറി നടന്നിട്ടും സ്വന്തമായി ഒരു കൂടുപോലും നേടാൻ സാധിച്ചില്ല. എന്നിരുന്നാലും എന്റെ ശബ്ദംകൊണ്ട് മറ്റുള്ളവരെ സന്തോഷിപ്പാൻ സാധിക്കുന്നു.

പിന്നീട് അയാൾ ഒരു മയിലിനെ കണ്ടു. അതിനോട് ചോദ്യം ആവർത്തിച്ചു. മയിൽ പറഞ്ഞു ഭംഗിയുള്ള ചിറകുകൾ എനിക്ക് കാണാൻ കഴിയുന്നില്ല. എങ്കിലും അത് വിരിച്ച് നൃത്തം ചെയ്ത് മറ്റുള്ളവർക്ക് ആനന്ദം നൽകുക എന്നുള്ളതാണ് എന്റെ ജീവിതം.

സന്ധ്യയായി, മിന്നാമിന്നിയോട് ചോദിച്ചു. അത് പറഞ്ഞു. ഒത്തിരി വെട്ടം ഒന്നും എന്നിൽ ഇല്ല. എന്നിലുള്ള ഇത്തിരി വെട്ടം ലോകത്തിന് കൊടുക്കുക എന്നുള്ളതാണ് എന്റെ ജീവിതം.

നടന്നുനടന്ന് അയാൾ ഒരു പുഴവക്കിൽ എത്തി. നീന്തുന്ന മീനിനോട് ചോദിച്ചു. മീൻ പറഞ്ഞു. ഞങ്ങളുടെ നീന്തലിനു ഇടയിൽ എതിരെയും കുറുകെയും ഒരുപാട് തിരകൾ വരും. തിരകളെ അതിജീവിച്ച് മുന്നേറുക എന്നതാണ് എന്റെ ജീവിതം.

പുഴയോട് ചോദ്യം ആവർത്തിച്ചു. പുഴ മറുപടി പറഞ്ഞു. ഇടുക്കവും ഞെരുക്കവും നിറഞ്ഞ വഴികളിലൂടെയാണ് സഞ്ചാരം. എന്നാൽ ശാന്തമായി ഒഴുകി കടലിൽ ചെന്ന് ചേരുക എന്നതാണ് എന്റെ ജീവിതം.

ഈ കഥയിലൂടെ നമ്മൾ എന്താണ് മനസിലാക്കുന്നത്. നമ്മുടെ ജീവിതത്തിലെ കുറവുകളെ മറന്ന് നമ്മുടെ ഫലങ്ങൾ മറ്റുള്ളവർക്ക് മധുരം പകരുന്നവയാകണം. നമ്മുടെ പ്രവർത്തനം മറ്റുള്ളവരുടെ മനസ്സിന് സന്തോഷം നൽകുന്നവയും ആകണം. ജീവിതത്തിൽ നേരിടുന്ന പ്രതിസന്ധികളെ വിശ്വാസത്തോടെ അതിജീവിച്ച് മുന്നേറുവാൻ നമുക്ക് കഴിയണം. അതുപോലെ ശാന്തമായി ദൈവസന്നിധിയിൽ അഭയം പ്രാപിക്കുന്നതാണ് ഏതൊരു ദൈവഭക്തന്റെയും ജീവിതം. ●

കവിത



# കൈത്തിരി



ഫെലിക്സ് മേരി ദാസ്
(റിട്ട. ജഡ്ജ്)
മാരേട്ട്

അന്നൊരുനാളൊരു രാവിൽ
പിറന്നുനീയാ പുൽക്കൂട്ടിൽ
ബേദ്‌ലഹേമിൽ
കൂരാകൂരിരുട്ടിൽ

തെളിഞ്ഞൊരു കൈത്തിരി
നിനക്കായി വാനിൽ
നിൻ പ്രതിച്ഛായയായ്
ഒരു വഴികാട്ടിയായ്

കണ്ടുവാക്കൈത്തിരി-
യനേകർ തേടിനിന്നെ
നീയോതീർത്തൊരു നൂതന
കൈത്തിരിയവർക്കുള്ളിൽ

കാണുന്നുഞാനാക്കൈത്തിരി
യണയാൻ വെമ്പുന്നൊരു
കരിന്തിരിയായെന്നുള്ളി-
ലുലയുന്നതെന്നും

പകരാതെയെണ്ണയെന്നുള്ളിൽ
ഞാൻ നോക്കുന്നുവിണ്ണിൽ
കാണാനാക്കൈത്തിരി
സഹസ്രാബ്ദങ്ങൾക്കപ്പുറം ●

## Kids' Corner








**Manna & Lisa**
Thadathel
Ooriyapadikkal

Published by Vadakethalackal Youth Wing on behalf of Vadakethalacka Maha Kudumbayogam, For Private Circulation among the members of the Family. Thapasya Offset Eraviperoor Ph: 9188641891